(സി) പദ്ധതിയേതര ചെലവുകൾക്കായി 10014.83 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) 31.3.2000 വരെ പദ്ധതിയിതര വിഭാഗത്തിൽ യഥാർത്ഥ ചെലവ് എത്ര വരുമെന്ന് തിട്ടപ്പെടുത്തുവാൻ യഥാർത്ഥചെലവിന്റെ കണക്കുകൾ അടുത്തവർഷം അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമാകുമ്പോൾ മാത്രമാണ് കഴിയുക.

പൊതുമേഖലാ ബാങ്കുകളിലെ നിക്ഷേപം

22 (1845) ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. ബാബു :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ ബാങ്കുകളിൽ ഇപ്പോൾ എന്തു തുകയ്ക്കുള്ള നിക്ഷേപമുണ്ട്;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ ഇപ്പോൾ എന്തു തുകയ്ക്കുള്ള വായ്പ സംസ്ഥാനത്തിനകത്ത് നൽകിയിട്ടുണ്ട്;

(സി) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകളിൽ നിന്നുള്ള നിക്ഷേപത്തിൽ നിന്ന് എന്തു തുക സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടു പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999 സെപ്തംബറിലെ കണക്കനുസരിച്ച് കേരളത്തിലെ പൊതുമേഖലാ ബാങ്കുകളിൽ (ദേശസാൽകൃത ബാങ്കുകളും, റീജിയണൽ റൂറൽ ബാങ്കുകളും) 24, 232 കോടി രൂപയുടെ നിക്ഷേപമുണ്ട്.

(ബി) 1999 സെപ്തംബറിലെ കണക്കനുസരിച്ച് കേരളത്തിലെ പൊതുമേഖലാ ബാങ്കുകളിൽനിന്നും (ദേശസാൽകൃത ബാങ്കുകളും, റീജിയണൽ റൂറൽ ബാങ്കുകളും) 12,746 കോടി രൂപ സംസ്ഥാനത്തിനകത്ത് വായ്പ നൽകിയിട്ടുണ്ട്.

(സി) കണക്കുകൾ ലഭ്യമല്ല.

ബാങ്കുകളുടെ ആഭ്യന്തര വായ്പതോത്

23 (1846) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുമേഖലാ ബാങ്കുകളുടേയും ഷെഡ്യൂൾഡ് ബാങ്കുകളുടേയും വായ്പതോത് കുറഞ്ഞുവരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ വായ്പതോത് എത്ര കോടി കുറവാണെന്ന വിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly